**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2896** **12-07-2022 - ൽ മറുപടിയ്ക്ക്**

**നെയ്യാറ്റിൻകര നഗരസഭയിൽ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര നഗരസഭ പ്രദേശത്ത് പുതിയ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നതിന്റെ ഡി.പി.ആർ. പൂർത്തീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; എത്ര കോടി രൂപയാണ് ട്രീറ്റ്മെന്റ് പ്ലാന്റിനും അനുബന്ധ പൈപ്പ് ലൈൻ നീട്ടുന്നതിനുമായി വിനിയോഗിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | **നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലെ എല്ലാ വീടുകളിലേക്കും കുടിവെള്ളം ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ തടയണ, കിണറും പമ്പ് ഹൗസും, റാ വാട്ടർ പമ്പിങ് മെയിൻ, പുതിയ ജലശുദ്ധീകരണ ശാല, പമ്പ് സെറ്റുകൾ , ക്ലിയർ വാട്ടർ പമ്പിങ് മെയിൻ, ട്രാൻസ്ഫോർമർ മറ്റു അനുബന്ധ ഘടകങ്ങൾ എന്നിവ ഉൾപ്പെടെയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ രൂപരേഖ തയാറാക്കുകയും, അർബൻ അഗ്ലോമറേഷനിലുൾപെടുത്തി ഈ പദ്ധതിക്ക് 21.68 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.** |
| (ബി) | ആയതിന്റെ ടെണ്ടർ നടപടി എപ്പോൾ പൂർത്തീകരിക്കുമെന്ന് വിശദമാക്കുമോ? | (ബി) | **പദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. എസ്റ്റിമേറ്റിന് അന്തിമ രൂപം നൽകുന്നതിന് ജലശുദ്ധീകരണശാല, തടയണ എന്നിവ നിർമ്മിക്കുന്നതിനുള്ള സ്ഥലത്തെ മണ്ണ് പരിശോധന റിപ്പോർട്ട് കിട്ടേണ്ടതുണ്ട്. ജലശുദ്ധീകരണശാല നിർമ്മിക്കേണ്ട സ്ഥലത്തെ മണ്ണ് പരിശോധന പൂർത്തിയായിട്ടുണ്ടെങ്കിലും തടയണ നിർമ്മിക്കുന്ന സ്ഥലത്തെ മണ്ണ് പരിശോധന കനത്ത മഴയെ തുടർന്ന് നെയ്യാറിൽ വെള്ളം കൂടുതലായതിനാൽ തടസ്സപ്പെട്ടിരിക്കുകയാണ്. എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകി ദർഘാസ് നടപടികൾ 2022 ഡിസംബറിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.** |

സെക്ഷൻ ഓഫീസർ